# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം 06-03-2017- ൽ

നം: 1694 മറുപടിയ്ക്ക്

### നൂനപക്ഷ കേന്ദ്രീകൃത ബ്ലോക്കുകൾക്കുള്ള ബഹുമുഖ വികസന പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.പാറക്കൽ അബ്ദുല്ല** | | **ശ്രീ. കെ.ടി. ജലീൽ (തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി)** | |
| (എ) | ന്യൂനപക്ഷ കേന്ദ്രീകൃത ബ്ലോക്കുകൾക്കുള്ള ബഹുമുഖ വികസന പദ്ധതി ഇപ്പോൾ ഏതൊക്കെ ബ്ലോക്ക് പഞ്ചായത്തുകളിലും നഗരസഭകളിലുമാണ് നടപ്പിലാക്കിയിട്ടുള്ളത്; | (എ) | വയനാട് ജില്ലയിലെ കൽപ്പറ്റ, സുൽത്താൻ ബത്തേരി, പനമരം, മാനന്തവാടി എന്നീ ബ്ലോക്കുകളിലും മലപ്പുറം ജില്ലയിലെ പൊന്നാനി ടൗണിലുമാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. |
| (ബി) | ഇത് സംസ്ഥാനത്തെ മറ്റു ജില്ലകളിലേക്ക് കൂടി വ്യാപിപ്പിക്കുന്നതുമായി ബന്ധപ്പെട്ട നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ് ; | (ബി) | ന്യൂനപക്ഷ ജനസംഖ്യയുടെ അടിസ്ഥാനത്തിൽ മറ്റു ജില്ലകളെ കൂടി ഈ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള നിർദ്ദേശം കേന്ദ്ര സർക്കാരിൽ സമർപ്പിക്കുകയും തുടർ നടപടികൾ സ്വീകരിച്ചു വരികയുമാണ്. |
| (സി) | പദ്ധതി നടപ്പിലാകുമ്പോൾ എന്തൊക്കെ ആനുകൂല്യങ്ങളാണ് ലഭ്യമാവുക; വിശദാംശങ്ങൾ നൽകുമോ; | (സി) | ന്യൂനപക്ഷ മേഖലയിലെ വിദ്യാഭ്യാസം, ആരോഗ്യം, കുടിവെള്ളം തുടങ്ങിയ മേഖലകളിലെ അടിസ്ഥാന സൗകര്യവികസനത്തിനാണ് ആനുകൂല്യങ്ങൾ ലഭിക്കുന്നത്. |
| (ഡി) | ഏതൊക്കെ ജില്ലകളെ കൂടി ന്യൂനപക്ഷ കേന്ദ്രീകൃത ജില്ലകളുടെ പട്ടികയിൽപ്പെടുത്തി കേന്ദ്ര പദ്ധതി നടപ്പാക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ നൽകുമോ? | (ഡി) | സംസ്ഥാനത്തെ എല്ലാ ജില്ലകളെയും പദ്ധതിയിൽ ഉൾപ്പെടുത്തണമെന്നാണ് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ